പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2384

12-02-2020 ൽ മറുപടിക്ക്

## <u>കെ.എം.എം.എൽ. ന്റെ പ്രവർത്തനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കെ.എം.എം.എൽ. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്നു എന്ന വാർത്ത വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | അല്ല. കെ.എം.എം.എൽ. ഇപ്പോഴും ലാഭത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. |
| ബി) | കെ.എം.എം.എൽ.-ന്റെ കരിമണൽ ഖനനാനുമതി റദ്ദാക്കികൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | ബി) | ഇല്ല. നിയമാനുസൃത ലൈസൻസ് /ക്ലിയറൻസ് സമ്പാദിച്ചിട്ട് മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ കെ.എം.എം.എൽ. ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ബെനിഫിഷിയേറ്റഡ് ഇൽമനൈറ്റ് പുറത്ത് നിന്നും വാങ്ങി കമ്പനിയിൽ ഉല്പാദനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനിയിൽ നിന്നും ഇത് വാങ്ങുവാനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകുമോ? | സി) | ഉണ്ട്. കമ്പനിയ്ക്ക് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനത്തിന് അത്യന്താപേക്ഷിതമായ ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ് ആവശ്യത്തിന് വേണ്ട അളവിൽ ആഭ്യന്തര ഉല്പാദനത്തിലൂടെ കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതിനാൽ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതിയോടെ പുറത്തു നിന്ന് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റ് വാങ്ങുന്നതിന് കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ